# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

**ഹാജർ :** ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു. ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നംമ്പർ : 9233/11/12/2024/**

പരാതികക്ഷി — എൽ ബിന്ദു, വിഷ്ണേന്ദു, ടിസി. 18/2029,
TKD റോഡ്, മരപ്പാലം ഗാർഡൻസ്,
പട്ടം,തിരുവനന്തപുരം

എതിർകക്ഷികൾ

**ഉത്തരവ് തീയതി 06.01.2026**

പരാതികക്ഷിയുടെ മകൾ അരുന്ധതി വി.ബി 20.10.2024 തീയതി വീടിൻറെ മുകളിലത്തെ നിലയിൽ നിന്നും വീണ് മരണപ്പെട്ട സംഭവത്തിൽ എതിർകക്ഷിക്ക് ബന്ധമുള്ളതായി സംശയിക്കുന്നതായും, മകളുടെ മരണം സംഭവിച്ച കാരണങ്ങൾ അവളുടെ ഫോൺ കോളിലെ റെക്കോർഡുകൾ വിശദമായി പരിശോധിച്ചാൽ അറിയാവുന്നതാണെന്നും, എതിർകക്ഷി നിരന്തരമായി തന്റെ മകളെ മാനസികമായും ശാരീരികമായും ഉപദ്രവിച്ചിട്ടുള്ളതായും ആയതിനാൽ മകളുടെ മരണം കാര്യക്ഷമമായി അന്വേഷിക്കുന്നതിന് ആവശ്യമായ നടപടി ഉണ്ടാകണമെന്നും മറ്റുമാണ് പരാതി വിഷയം.

2. പരാതി വിഷയത്തിൽ പേരൂർക്കട സ്റ്റേഷൻ ഹൗസ് ഓഫീസർ 17.01.2025 തീയതി റിപ്പോർട്ട് സമർപ്പിച്ചു. ടി പരാതിയിൽ അന്വേഷണം നടത്തിയതിൽ പരാതികക്ഷിയുടെ മകൻറെ മൊഴിയിൽ ടി സ്റ്റേഷനിൽ ക്രൈം.1536/2024 U/S Sec.194 BNSS പ്രകാരം ക്രൈം കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തി വരുന്നതും ടി അന്വേഷണത്തിൽ head injury എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും തുടർന്ന് മരണപ്പെട്ടയാളുടെ മൊബൈൽ ഫോണിൽ നിന്നും എതിർകക്ഷിയുടെയും സുഹൃത്തുക്കളുടെയും വാട്സ് ആപ്പ് ചാറ്റുകളും ഇൻസ്റ്റഗ്രാം മെസ്സേജുകളും ഡിലീറ്റ് ചെയ്തത് ഉൾപ്പെടെ ഉള്ളവ റിട്രീവ് ചെയ്തു സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി സൈബർ സെല്ലിൽ അയച്ചു അന്വേഷണം തുടർന്നു വരുന്നതാണെന്നും റിപ്പോർട്ടിൽ പ്രതിപാദിച്ചു കാണുന്നു.

3. പരാതി പരിഗണനയ്ക്കെടുത്ത 06.01.2026 തീയതി ഹർജികക്ഷി ഹാജരായി ആക്ഷേപം സമർപ്പിച്ചു. പോലീസ് കസ്റ്റഡിയിൽ സൂക്ഷിച്ചിട്ടുള്ള മകളുടെ ഫോൺ തനിക്ക് ലഭിച്ചിട്ടില്ലെന്നും FHCL സൈബർ സെൽ റിപ്പോർട്ട് അറിയാൻ കഴിഞ്ഞിട്ടില്ല എന്നും, അന്വേഷണം കാര്യക്ഷമായി നടത്തുന്നില്ല എന്നും എതിർകക്ഷിയുടെ പ്രേരണയാലാണ് മകൾ മരണപ്പെട്ടതെന്നും ഹർജികക്ഷി പറയുകയുണ്ടായി.

4. ക്രൈം.1536/2024 നമ്പർ കേസിന്റെ കൂടുതൽ വിവരങ്ങൾ അന്വേഷിച്ചതിൽ നിന്നും ടി കേസിന്റെ UN റിപ്പോർട്ട് 25.03.2025 തീയതി കോടതിയിൽ സമർപ്പിച്ചിട്ടുള്ളതായാണ് മനസ്സിലാക്കുന്നത്. പോലീസ് അന്വേഷണത്തിൽ ഹർജികക്ഷി ആക്ഷേപം ബോധിപ്പിച്ച സാഹചര്യത്തിൽ

ഇക്കാര്യത്തിൽ കൻ്റോൺമെൻറ് അസിസ്റ്റൻറ് പോലീസ് കമ്മീഷണർ കേസിന്റെ CD ഫയൽ വിളിച്ചുവരുത്തി ടി കേസിൽ നടന്ന അന്വേഷണത്തിൽ എന്തെങ്കിലും പിഴവുകൾ സംഭവിച്ചിട്ടുണ്ടോ എന്ന് വിശദമായി പരിശോധിക്കേണ്ടതും പരാതികക്ഷി ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ കൂടി അന്വേഷണ വിധേയമാക്കേണ്ടതുമാണ്. സൈബർ സെല്ലിൽ നിന്നും ലഭിച്ചിട്ടുള്ള ഫോൺ വിവരങ്ങളും പരിശോധിക്കേണ്ടതാണ്. തുടർന്ന് ഈ കേസിൽ further investigation നടത്തേണ്ട സാഹചര്യം ഉണ്ടെന്ന് കണ്ടാൽ ബന്ധപ്പെട്ട കോടതിയുടെ അനുമതിയോടുകൂടി further investigation നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് കൻ്റോൺമെൻറ് അസിസ്റ്റൻറ് പോലീസ് കമ്മീഷണർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

// ശരിപകർപ്പ് //
രജിസ്ട്രാർ.